(19) പുയംകുട്ടി വനാന്തരത്തിലെ ആദിവാസി കോളനികളിൽപ്പെട്ട തലവെച്ചപ്പാറ മുതുവാൻകുടി കോളനിയിൽ മൂന്നുകുട്ടികൾ മരണപ്പെട്ട സംഭവം.

ശ്രീ. എ.കെ. മണി : സർ, ദേവികുളം മണ്ഡലത്തിലെ പുയംകുട്ടി വനാന്തരത്തിൽ തലവെച്ചപ്പാറ തേര, ആരിയം, മുതുവാൻകുടി എന്നീ ആദിവാസി കോളനികളിൽ മുതുവാൻ വിഭാഗത്തിൽപ്പെട്ടവരാണ് താമസിക്കുന്നത്. ഈ അടുത്ത കാലത്ത് ഈ കോളനിയിൽ മൂന്ന് പിഞ്ചു കുട്ടികൾ ഛർദ്ദിയും അതിസാരവും മൂലം മരണപ്പെട്ടു യാതൊരു ചികിൽസയും ഇവർക്ക് ലഭിക്കുന്നില്ല. രോഗം പിടിപെട്ടതുകൊണ്ട് അവർ വളരെ ഭയപ്പാടിലാണ്. ഇനിയും രോഗം പകരുമെന്നുള്ള ഭീഷണി ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. ഈ രോഗം വരാതിരിക്കാനും രോഗം ബാധിച്ചവരെ സുഖപ്പെടുത്തുവാനുംവേണ്ടി ആവശ്യമുള്ള വൈദ്യസഹായം ഇതുവരെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ലഭ്യമായിട്ടില്ല. അതുകൊണ്ട് എത്രയും വേഗം ഈ രോഗം പിടിപെട്ടിട്ടുള്ള കുട്ടികളെ സംരക്ഷിക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുകയാണ്. പുയംകുട്ടി പ്രദേശത്തെ വനാന്തരങ്ങളിലാണ് ഈ മുതുവാൻ വിഭാഗത്തിൽപ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളമുള്ള പ്രശ്നം അവർ ഇപ്പോഴും പലപല തരത്തിലുള്ള അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും പെട്ടിരിക്കുകയാണ്. നമ്മൾ ചികിത്സ നൽകിയാൽ പോലും വേണ്ടത്ര രീതിയിലുപയോഗിക്കാൻ തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. അതുപോലെതന്നെ അവരുടെ ഭൂമി വേണ്ടരീതിയിൽ ഉപയോഗിക്കാൻ അവർ തയ്യാറാകുന്നില്ല. സ്വന്തമായ കൃഷിഭൂമിയുള്ള ആളുകളാണ് മഹാഭൂരിഭാഗം ആളുകളും. പക്ഷെ കൃഷിഭൂമിയിൽ പണിയെടുക്കുവാനോ, അതിൽനിന്ന് ആദായമുണ്ടാക്കുവാനോ ശ്രമിക്കുന്നില്ല. അവരുടെ കൃഷിഭൂമിയെല്ലാം തന്നെ പാട്ടത്തിന് വളരെ ചുരുങ്ങിയ വിലയ്ക്ക് പലപല സമൂഹത്തിൽപ്പെട്ടവർ തട്ടിയെടുക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് സമുദായമെന്ന് പറയുമ്പോൾ ആദിവാസിവിഭാഗത്തിൽത്തന്നെ സാമ്പത്തികമായും സാമുദായികമായും മുന്നോട്ടു വന്ന ആളുകൾ തന്നെ ഈ മുതുവാൻമാരുടെ ഭൂമി തട്ടിയെടുക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. അവരെ അതിൽനിന്നും പിന്തിരിപ്പിക്കുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുകയാണ്. അതോടൊപ്പം ഛർദ്ദിയും അതിസാരവും മൂലമാണ് രണ്ട് കുട്ടികൾ മരണമടഞ്ഞത്. ഈ സംഭവം കഴിഞ്ഞ സെപ്റ്റംബർ മാസത്തിലാണുണ്ടായത്. അതിനുശേഷം ഒക്റ്റോബർ മാസം 5,10 തീയതികളിൽ അവിടെ മെഡിക്കൽ മൊബൈൽ യൂണിറ്റ് എത്തുകയും അവിടെ എല്ലാപേർക്കും വൈദ്യപരിശോധന നടത്തുകയും, ചില ആളുകളെ എറണാകുളം ജനറൽ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. അവർക്ക് വേണ്ട എല്ലാ ചികിൽസാ സൗകര്യങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. ഒരു കുട്ടി മരിച്ചത് ഛർദ്ദിയോ അതിസാരമോ മൂലമല്ല എന്നാണ് മെഡിക്കൽ രേഖയിൽനിന്നും തെളിയുന്നത്. ഒരു കുട്ടി അമ്മയുടെ മാറാപ്പിൽ കിടന്ന് ശ്വാസം മുട്ടിയാണ് മരിച്ചത്. അവർ വേണ്ടത്ര ശ്രദ്ധിക്കാത്തതുകൊണ്ട് മാറാപ്പിൽ കിടന്ന് ശ്വാസം മുട്ടിയാണ് മരിച്ചതെന്നാണ് കണക്കാക്കിയിരിക്കുന്നത്. അവർക്ക് വേണ്ട അടിയന്തിര

LIBRARY ARCHIVES Kerala Legislative Assembly

ചികിൽസാ സഹായവും മറ്റ് ആരോഗ്യസംരക്ഷണത്തിനുവേണ്ടിയുള്ള സഹാ. യവും അതുപോലെതന്നെ ആഹാരമെത്തിക്കുന്നതിനുള്ള നടപടികളും സ്വീക രിച്ചിട്ടുണ്ട്. അവരുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടിയുള്ള ഒട്ടേറെ പരി പാടികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഒരു പാക്കേജ് പദ്ധതി തയ്യാറാ ക്കാൻ വേണ്ടി വനം വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും, ലോക്കൽ ബോഡീസുമായി ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതാണ്.

(20) പുനലൂരിലെ അഗ്രോ ഫുഡ് പ്രോഡക്ട്സ് യൂണിറ്റിന്റെ പ്രവർത്തനം

ശ്രീ. പി.എസ്. സുപാൽ : സർ, പുനലൂരിലുള്ള അഗ്രോ ഫുഡ് പ്രോഡ ക്ട്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരി ക്കണമെന്ന് ആവശ്യപ്പെടുകയാണ്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഒരു സബ്സിഡിയറി യൂണിറ്റാണ് പുനലൂരിലെ അഗ്രോ ഫുഡ് പ്രോഡക്ട്സ്. 1980-കളുടെ തുടക്കത്തിൽ സ്ഥാപിതമായ ഏറ്റവും വികസന സാദ്ധ്യതയുള്ള ഒരു സ്ഥാപനമാണ് ഇത്. ഈ സ്ഥാപനം ഇന്ന് പ്രതിസന്ധിയെ നേരിടുക യാണ്. സെയിൽസ് ടാക്സ്, പി.എഫ്. ഇനത്തിൽ 22 ലക്ഷം രൂപയുടെ ബാദ്ധ്യത വന്നിരിക്കുകയാണ്. ഈ യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനു വേണ്ടി ഒരു പ്രോജക്ട്/ക്യാബിനറ്റ് അംഗീകരിച്ചതാണ്. പക്ഷെ അത് ഇതുവരേയും നടപ്പാക്കിയിട്ടില്ല. ക്യാബിനറ്റ് അംഗീകരിച്ച പദ്ധതി വളരെ വേഗ ത്തിൽ നടപ്പിലാക്കാനും പ്രതിസന്ധി ഒഴിവാക്കാനും അടിയന്തിര സഹായം ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മുൻകൈയെടുത്ത് സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പ്രശ്നം, 1984-ൽ അഗ്രോ ഇൻഡ സ്ട്രീസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായിട്ട് തുടങ്ങിയതാണ്. ചില സാമ്പ ത്തിക പ്രശ്നങ്ങൾ ഇപ്പോൾ നിലവിലുണ്ട്. എന്നിരുന്നാലും അത് പരിഹരി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. ഈവർഷം ഈ യൂണി റ്റിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും മറ്റുമായി 20 ലക്ഷം രൂപ ഇതി നകം തന്നെ ചെലവഴിച്ചിട്ടുണ്ട്. ഈ യൂണിറ്റിന്റെ നവീകരണത്തിനായി 112 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ അംഗീകാരം നൽകിയ പദ്ധതി നടപ്പാലാക്കുന്നതിനുവേണ്ടി ശ്രമിച്ചുവരു കയാണ്. അതോടൊപ്പം തന്നെ നമ്മുടെ ഡിമാന്റനുസരിച്ച് അതിന്റെ സപ്ലൈ വിപുലപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള സംവിധാനങ്ങളെക്കുറിച്ചുകൂടി ഗവൺമെന്റ് ഗൗരവതരമായി ആലോചിച്ച് തീരുമാനങ്ങളെടുത്ത് നടപ്പാക്കുന്ന തായിരിക്കും.

(21) കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ സബ്ട്രഷറി ആരംഭിക്കേണ്ട തിന്റെ ആവശ്യകത

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, എന്റെ നിയോജകമണ്ഡലത്തിലെ കുമ്പളയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്ക ണമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly